# സമാഗമനകൂടാരം (THE TABERNACLE)

## Part 1

| | |
|---|---|
| Hebrews 9:9 | - ആ കൂടാരം ഈ കാലത്തേക്കു ഒരു സാദൃശ്യമത്രേ. അതിന്നു ഒത്തവണ്ണം ആരാധനക്കാരന്നു മനസ്സാക്ഷിയിൽ പൂർണ്ണസമാധാനം വരുത്തുവാൻ കഴിയാത്ത വഴിപാടും യാഗവും അർപ്പിച്ചു പോരുന്നു |
| 2 Timothy 3:16-17 | - എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു. |
| Romans 15:4-5 | - എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു. എന്നാൽ നിങ്ങൾ ഐകമത്യപെട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരു വായിനാൽ മഹത്വീകരിക്കേണ്ടതിന്നു സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവം നിങ്ങൾക്കു ക്രിസ്തുയേശുവിന്നു അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നല്കുമാറാകട്ടെ. |

1. സമാഗമനകൂടാരം സ്വർഗ്ഗീയമായ കൂടാരത്തിന്റെ പ്രതിരൂപമായിരുന്നു
2. സമാഗമനകൂടാരം കർത്താവായ യേശുക്രിസ്തുവിന്റെ പ്രത ീകമായിരുന്നു.
3. സമാഗമനകൂടാരം സഭയുടെ പ്രതികമായിരുന്നു

### 1. സമാഗമനകൂടാരം സ്വർഗ്ഗീയമായ കൂടാരത്തിന്റെ പ്രതിരൂപമായിരുന്നു

| | |
|---|---|
| Hebrews 8:5 | - കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ ''പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃകപ്രകാരം നീ സകലവും ചെയ്‌വാൻ നോക്കുക'' എന്നു അവനോടു അരുളിച്ചെയ്തതുപോലെ അവർ സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലുമായതിൽ ശുശ്രൂഷ ചെയ്യുന്നു. |
| Hebrews 9:23 | - ആകയാൽ സ്വർഗ്ഗത്തിലുള്ളവയുടെ പ്രതിബിംബങ്ങളെ ഈവകയാൽ ശുദ്ധമാക്കുന്നതു ആവശ്യം. സ്വർഗ്ഗീയമായവെക്കോ ഇവയെക്കാൾ നല്ല യാഗങ്ങൾ ആവശ്യം. ക്രിസ്തു വാസ്തവമായതിന്റെ പ്രതിബിംബമായി കൈപ്പണിയായ വിശുദ്ധ മന്ദിരത്തിലേക്കല്ല, ഇപ്പോൾ നമുക്കു വേണ്ടി ദൈവസന്നിധിയിൽ പ്രത്യക്ഷനാവാൻ സ്വർഗ്ഗത്തിലേക്കത്രേ പ്രവേശിച്ചതു. മഹാപുരോഹിതൻ ആണ്ടുതോറും അന്യരക്തത്തോടുകൂടെ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുന്നതുപോലെ അവൻ തന്നെത്താൻ കൂടെക്കൂടെ അർപ്പിപ്പാൻ ആവശ്യമില്ല. അങ്ങനെയായാൽ ലോകസ്ഥാപനം മുതല്ക്കു അവൻ പലപ്പോഴും കഷ്ടമനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗംകൊണ്ടു പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി.. |
| Deuteronomy 6:21,25,30 | - 21. ഈ സ്ഥലത്തുവെച്ചു പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ യിസ്രായേലിന്റെയും യാചനകളെ കേൾക്കേണമേ; നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു കേൾക്കേണമേ; കേട്ടുക്ഷമിക്കേണമേ<br>25. നീ സ്വർഗ്ഗത്തിൽനിന്നു കേട്ടു നിന്റെ ജനമായ യിസ്രായേലിന്റെ പാപം ക്ഷമിച്ചു നീ അവർക്കും അവരുടെ പിതാക്കന്മാർക്കും കൊടുത്ത ദേശത്തേക്കു അവരെ തിരിച്ചു വരുത്തേണമേ.<br>30. നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽനിന്നു കേട്ടു ക്ഷമിക്കയും |



Email: fleettech@gmail.com

**2. സമാഗമനകൂടാരം കർത്താവായ യേശുക്രിസ്തുവിന്റെ പ്രതീകമായിരുന്നു.**

| | |
|---|---|
| 2 Corinthians 5:19 | - ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു. |
| Colossians 2:9 | - അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു.. |
| Exodus 40:34-35 | - അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു. മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെക്കയും ചെയ്തതുകൊണ്ടു മോശെക്കു അകത്തു കടപ്പാൻ കഴിഞ്ഞില്ല. |
| Numbers 1:50 | - ലേവ്യരെ സാക്ഷ്യനിവാസത്തിന്നും അതിന്റെ ഉപകരണങ്ങൾക്കും വസ്തുക്കൾക്കും ഒക്കെ വിചാരകന്മാരായി നിയമിക്കേണം; അവർ തിരുനിവാസവും അതിന്റെ ഉപകരണങ്ങളൊക്കെയും വഹിക്കേണം; അവർ അതിന്നു ശുശ്രൂഷ ചെയ്കയും തിരുനിവാസത്തിന്റെ ചുറ്റും പാളയമടിച്ചു പാർക്കയും വേണം. |
| Numbers 2:17 | - പിന്നെ സമാഗമനകൂടാരം പാളയത്തിന്റെ നടുവിൽ ലേവ്യരുടെ പാളയവുമായി യാത്രചെയ്യേണം; അവർ പാളയമിറങ്ങുന്നതുപോലെ തന്നേ താന്താങ്ങളുടെ കൊടിക്കരികെ യഥാക്രമം പുറപ്പെടേണം. |
| Deuteronomy 10:2 | - നീ ഉടെച്ചുകളഞ്ഞ മുമ്പിലത്തെ പലകകളിൽ ഉണ്ടായിരുന്ന വചനങ്ങൾ ഞാൻ ആ പലകകളിൽ എഴുതും; നീ അവയെ ആ പെട്ടകത്തിൽ വെക്കേണം എന്നു കല്പിച്ചു. |
| Psalm 40:8 | - എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്വാൻ ഞാൻ പ്രിയപ്പെടുന്നു; നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു. |

**3. സമാഗമനകൂടാരം സഭയുടെ പ്രതീകം**

| | |
|---|---|
| Ephesians 1:23 | - എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കയും ചെയ്തിരിക്കുന്നു |
| 1 Corinthians 3:16-17 | - നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ. |
| 1 Corinthians 3:9 | - ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം. |

## Church - Building, Body, Bride, Branches

**സമാഗമനകൂടാരം വിശ്വാസിയുടെ പ്രതീകം**

| | |
|---|---|
| Ephesians 2:22 | - അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു. |

| | | |
|---|---|---|
| 1. സമാഗമനകൂടാരം | താത്കാലികം | യേശുവിന്റെ ആദ്യ വരവ് |
| ദേവാലയം | സ്ഥിരമായത് | യേശുവിന്റെ രണ്ടാമത്തെ വരവ് (മഹത്വ പ്രത്യക്ഷത) |
| 2. സമാഗമനകൂടാരം | താത്കാലികം | വിശ്വാസികൾ കൂടുന്നതിന്റെ നടുവിൽ യേശുവിന്റെ സാനിദ്ധ്യം കടന്നു വരുന്നു. |

| | | |
|---|---|---|
| ദേവാലയം | സ്ഥിരമായത് | യേശുവിന്റെ രണ്ടാമത്തെ വരവ് (മഹത്വ പ്രത്യക്ഷത) - യേശുവിന്റെ അടുത്തേക്ക് സഭ എടുക്കപ്പെടും |

3. കൂടാരം മോശ എന്ന പ്രവാചകനാൽ നിർമ്മിക്കപ്പെട്ടു ശിസ്രൂഷ ചെയ്തു
   യേശു എന്ന പ്രവാചകൻ കൈപ്പണിയല്ലാത്ത കൂടാരത്തിലൂടെ ശിസ്രൂഷ ചെയ്തു

   ദേവാലയംശലോമോനെന്ന രാജാവിനാൽ നിർമ്മിക്കപ്പെട്ടു എന്നതുപോലെ യേശു ഈ ദേവാലയം പണിയുമ്പോൾ രാജാവായിട്ടായിരിക്കും വരുന്നത്

4. 

| | | |
|---|---|---|
| സമാഗമനകൂടാരം | താത്കാലികം | മരുഭൂമിയിലായിരുന്നു |
| ദേവാലയം | സ്ഥിരമായത് | മഹാരാജാവിന്റെ നഗരമായ യെരുശലേമിൽ പുതിയ യെരുശലേമിൽ |

5. സമാഗമനകൂടാരം പുറമെ നിന്നു നോക്കിയാൽ അനാകർഷകമായിരുന്നു
   ദേവാലയം പുറത്തും അകത്തും നിന്ന് മനോഹരം, ആകർഷണീയമായിരുന്നു

   യേശു ഈ ദേവാലയം പണിയുമ്പോൾ സകല മഹത്വത്തോടും, ശക്തിയോടും കൂടെയായിരിക്കും

6. സമാഗമനകൂടാരം താത്കാലികം ഏതാണ്ട് 35 വർഷത്തിൽ താഴെ

   യേശുവിന്റെ ശിസ്രൂഷ മനുഷ്യനായി ഏതാണ്ട് 35 വർഷത്തിൽ താഴെ

**ഈ കൂടാരം നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ.**